# സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ.

വിഷയം: സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി-2017 നവംബർ 1 കേരളപ്പിറവി ദിനത്തിൽ അങ്കണവാടി കളിൽ പ്രവേശനോൽസവം സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 3-9-15-ലെ 7-ാ മത് ICDSമിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം.

**ഉത്തരവ് നമ്പർ. ഐസിഡിഎസ്/എ2-3810/16(Vol/2)തീയതി : 13-10-2017**

സംയോജിത ശിശു വികസന സേവന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലെ പ്രീ-സ്ക്കൂൾ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക, സമൂഹത്തിൽ അങ്കണവാടികളുടെ പ്രാധാന്യം സംബന്ധിച്ചും അങ്കണവാടികളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ സാക്ഷാൽകരിക്കുന്നതിനായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും വർഷത്തിൽ രണ്ട് പ്രാവശ്യം (ജൂൺഒന്നിനും,നവംബർ ഒന്നിനും) പ്രവേശനോൽസവം സംഘടിപ്പിക്കു ന്നതിന് മേൽ പരാമർശം പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 6 വയസ്സുവരെയുള്ള കാലയളവിൽ കുട്ടികൾ സ്വായത്തമാക്കുന്ന അനുഭവങ്ങൾ, അവരുടെ ശാരീരിക മാനസിക വൈജ്ഞാനിക വികാസത്തിൽ സുപ്രധാന പങ്ക് വഹിക്കും എന്നുള്ള തിരിച്ചറിവിൽ ശൈശവകാല വിദ്യാഭ്യാസത്തിന്റെയും ശിശു പരിചരണത്തിന്റെയും പ്രാധാന്യം സംബന്ധിച്ച ബോധവൽക്കരണങ്ങൾക്കായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും **2017 നവംബർ 1-ന്** പ്രവേശനോൽസവം സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

അങ്കണവാടിതലത്തിൽ പ്രവേശനോൽസവം സംഘടിപ്പിക്കുന്നതിനായി പരമാവധി 250/- രൂപ വരെ ബന്ധപ്പെട്ട അങ്കണവാടി ഫ്ളക്സി ഫണ്ടിൽ നിന്നും ചെലവഴി ക്കുന്നതിനും അനുമതി നൽകുന്നു. പ്രവേശനോൽസവ നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. മാർഗ്ഗ നിർദ്ദേശാനുസരണവും ബഡ്ജറ്റ്

പ്രകാരവും അങ്കണവാടിതലത്തിൽ പ്രവേശനോൽസവം സംഘടിപ്പിക്കേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് നിശ്ചിത ഫോറത്തിൽ സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്

സാമൂഹ്യനീതി ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

എല്ലാ ICDS സൂപ്പർവൈസർമാർക്കും.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്

ജികെ/ 13-10-17

# അങ്കണവാടിതല പ്രവേശനോൽസവം - മാർഗ്ഗനിർദ്ദേശങ്ങൾ

1. അങ്കണവാടിതല മോണിറ്ററിംഗ് & സപ്പോർട്ട് കമ്മിറ്റി വിളിച്ചു ചേർത്ത് പ്രവേശനോൽസവം ആസൂത്രണം ചെയ്യുക.
2. അങ്കണവാടികളുടെ പരിധിയിലുള്ളതും അങ്കണവാടികളിൽ രജിസ്റ്റർ ചെയ്യാത്തതുമായ കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കി പ്രവേശനോൽസവത്തി ലേയ്ക്ക് കുട്ടികളെ പങ്കെടുപ്പിക്കണം.
3. ശൈശവകാല വിദ്യാഭ്യാസത്തിന്റെയും പരിചരണത്തിന്റേയും പ്രാധാന്യം സംബന്ധിച്ച് ഭവന സന്ദർശനത്തിലൂടെ ബോധവൽക്കരണം നടത്തി പരമാവധി കുട്ടികളെ അങ്കണവാടികളിൽ എത്തിക്കണം.
4. അങ്കണവാടികളിലെ പൂർവ്വ വിദ്യാർത്ഥികളുടെ സംഗമം സംഘടിപ്പിക്കുകയും അങ്കണവാടികളിൽ നിന്നും വിരമിച്ച വർക്കർമാരുടേയും ഹെൽപ്പർമാരുടേയും പങ്കാളിത്തം പ്രവേശനോൽസവത്തിൽ ഉറപ്പാക്കുകയും ചെയ്യണം.
5. പ്രവോശനോൽസവദിനത്തിൽ അങ്കണവാടികൾ മോടിയായി അലങ്കരിച്ച് കുട്ടികൾക്ക് മിഠായി, ലഡു എന്നിവ വിതരണം ചെയ്യുക. സ്ഥലപരിമിതിയുള്ള അങ്കണവാടികളാണെങ്കിൽ തൊട്ടടുത്തുള്ള കമ്മ്യൂണിറ്റി ഹാൾ ലഭ്യമാക്കി പരിശോധിച്ച് ആയത് ഉപയോഗപ്പെടുത്താവുന്നതാണ്.
6. രക്ഷകർത്താക്കളുടെ യോഗം സംഘടിപ്പിക്കുക.
7. പ്രവേശനോൽസവത്തോടനുബന്ധിച്ച് കുട്ടികളുടെ കലാ മൽസരങ്ങൾ സംഘടിപ്പിക്കുക.
8. ജനപ്രതിനിധികൾ, വെൽഫയർകമ്മിറ്റി അംഗങ്ങൾ പ്രദേശത്തെ പ്രമുഖ വ്യക്തികൾ എന്നിവരെ പ്രവേശനോൽസവത്തിൽ പങ്കെടുപ്പിക്കണം.
9. പ്രോഗ്രാം ഓഫീസർമാർ, CDPOമാർ, സൂപ്പർവൈസർമാർ എന്നിവർ നിർബന്ധമായും ഒരു അങ്കണവാടിയിലെ പ്രവേശനോൽസവത്തിൽ പങ്കെടു ക്കേണ്ടതാണ്. സൂപ്പർവൈസർമാർ ഇതു സംബന്ധിച്ച റിപ്പോർട്ട് CDPO മാർക്കും CDPOമാർ പ്രോഗ്രാം ഓഫീസർമാർക്കും ക്രോഡീകരിച്ച് ലഭ്യ മാക്കേണ്ടതാണ്. പ്രോഗ്രാം ഓഫീസർമാർ ചുവടെ ചേർക്കുന്ന ഫോറത്തിൽ ജില്ലാതല റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

| ജില്ല | അങ്കണ വാടി കളുടെ എണ്ണ | പ്രദേശത്തെ 3-6 കുട്ടി കളുടെആകെ എണ്ണം | പ്രവേശനോൽസവത്തിനായി ലിസറ്റ് ചെയ്ത 3-6 കുട്ടി കളുടെ എണ്ണം | പ്രവേശ നോൽസവ ത്തിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം | AWCകളിൽ പുതുതായി ചേർന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|---|
| | | | | | |

10. പ്രവേശനോൽസവം സംബന്ധിച്ച് പ്രാദേശിക മാധ്യമങ്ങളിലൂടെയും നോട്ടീസ്, ബാനർ,പോസ്റ്റർ എന്നിവയിലൂടെയും വിപുലമായ പ്രചാരണം സംഘടിപ്പിക്കേണ്ടതാണ്. ഇതിലേയ്ക്കായി Community, LSGD, ALMSC എന്നിവ യുടെ സഹായസഹകരണങ്ങൾ ഉറപ്പാക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി